**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098** **07-12-2022 - ൽ മറുപടിയ്ക്ക്**

**താത്തൂർ പോയിൽ മൈനർ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ കൈവശത്തിൽ താത്തൂർ പോയിൽ നിലവിലുള്ള ഉപയോഗശൂന്യമായ കിണറും പമ്പ് ഹൗസും ഉൾപ്പെട്ട പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്നതിന് തീരുമാനമായെങ്കിലും വാട്ടർ അതോറിറ്റി ഡിവിഷൻതല ഉദ്യോഗസ്ഥരുടെ താൽപര്യക്കുറവ് കാരണം ആയത് ഏറെക്കാലമായി അനിശ്ചിതത്വത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | താത്തൂർപൊയിൽ നിലവിലുള്ള ഉപയോഗ ശൂന്യമായ കിണറും പമ്പ് ഹൗസും ഉൾപ്പെട്ട പദ്ധതി മൈനർ ഇറിഗേഷന് കൈമാറാൻ തീരുമാനമായെങ്കിലും അത് അനിശ്ചിതത്വത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലാ കളക്ടർ 28.05.2022 തീയതിയായി നൽകിയ കത്തിന്മേൽ കെ.ഡബ്ല്യു.എ./മൈനർ ഇറിഗേഷൻ ഡിവിഷനുകൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായ താത്തൂർപൊയിൽ കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ് ഹൗസും ഉൾപ്പെട്ട 35 സെന്റ് സ്ഥലം തൽസ്ഥിതിയിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി നിരാക്ഷേപ പത്രം സഹിതം നിശ്ചിത പ്രൊഫോർമ, സർവ്വേ സ്കെച്ച്, ബിൽഡിംഗ് പ്ലാൻ, ലാൻഡ്ഡീറ്റെയിൽസ്, അടങ്കൽ കോപ്പി എന്നിവ സഹിതം കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടറിന് അപേക്ഷ സമർപ്പിച്ചപ്പോൾ ഭൂമികൈവശം വയ്ക്കുന്ന വാട്ടർ അതോറിറ്റി സേവന വകുപ്പിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടുവരാത്തതിനാൽ ഇറിഗേഷൻ വകുപ്പിന് ഭൂമി കൈമാറാൻ സാധിക്കില്ലെന്നും മേൽ സാഹചര്യത്തിൽ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിയുന്നതിനുള്ള അപേക്ഷ വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് സബ് കളക്ടർക്കു സമർപ്പിക്കേണ്ടതാണെന്നും, ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമായതിന് ശേഷം മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളുവെന്നും 28/05/2022 ലെ കത്ത് പ്രകാരം ജില്ല കളക്ടർ അറിയിച്ചിട്ടുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വിവരം കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് കോഴിക്കോട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. പ്രസ്തുത വിഷയം കുന്ദമംഗലം എം.എൽ.എ ജില്ലാ വികസന സമിതിയിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ 26/11/2022 ലെ ജില്ലാവികസനസമിതി യോഗത്തിൽ ഭൂമി റവന്യൂവകുപ്പിലേക്ക് വിട്ടൊഴിയുന്നതിനുള്ള അപേക്ഷ, വാട്ടർ അതോറിറ്റി എം.ഡി-യുടെ ഉത്തരവ് ഉൾക്കൊള്ളിച്ചുകൊണ്ട് സബ് കളക്ടർക്ക് നേരിട്ട് സമർപ്പിക്കുവാൻ കോഴിക്കോട് പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചിത പ്രൊഫോർമയിൽ സ്ഥലം റവന്യൂ വകുപ്പിന് കൈമാറുന്നതിന് ജില്ലാ കളക്ടർക്കും സബ്കളക്ടർക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ